## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2476 | 08.05.2017 ൽ മറുപടിയ്ക്ക്

## ചെങ്ങന്നൂർ താലൂക്കിൽ കീഴ് ചേരിമേൽമുറിയിൽ താമസ്സിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

**ചോദ്യം**

ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് 30 വർഷത്തിലേറെയായി വീട് വെച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) കേരള ഭൂമി പതിവ് ചട്ടം 1964 സെക്ഷൻ 7(1) പ്രകാരം 1.8.1971 ന് മുമ്പുള്ള കൈവശക്കാർക്ക് ടി ഭൂമി പതിച്ച് നൽകുന്നതിന് മുൻഗണന നൽകിവരുന്നു. കേരള ഭൂമി പതിവ് ചട്ടം1964, മുനിസിപ്പൽ പതിവ് ചട്ടം 1995 എന്നിവ പ്രകാരം നിശ്ചിത വരുമാന പരിധിയിൽ കുറവുള്ള മറ്റ് ഭൂമി ഇല്ലാത്തവർക്ക് റോഡ്, തോട്, കായൽ, കുളം പുറമ്പോക്കുകളിൽപെടാത്തതും, സർക്കാരിന്റെ ഭാവി വികസനത്തിന് ആവശ്യമില്ലാത്തതുമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നൽകിവരുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ കീഴ് ചേരിമേൽമുറിയിൽ 265/6 (പഴയ നം.23/4) സർവേ നമ്പരിൽ കഴിഞ്ഞ 30 വർഷത്തിലേറെയായി താമസ്സിക്കുന്ന ചണ്ണത്തട്ടം കാലായിൽ ജാനകി കേശവൻ മുതൽ 7 കുടുംബങ്ങൾക്ക് പട്ടയം നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ; | (ബി) മൂന്ന് കേസുകളിൽ അപേക്ഷ കക്ഷി മരണപ്പെട്ടിട്ടുള്ളതും ടി കേസുകളിൽ അവകാശ തർക്കം നില നിൽക്കുന്നതുമാണ്. രണ്ടു കേസുകളിൽ ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള കേസുകളിൽ ഭൂമി പതിവിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (സി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) അവകാശ തർക്കം നിലനിലക്കുന്ന കേസുകൾ ഒഴികെയുള്ളവയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പട്ടയം നൽകുന്നതാണ്. |

| | | |
|---|---|---|
| (ഡി) | എന്നത്തേയ്ക്ക് ഈ കുടുംബങ്ങൾക്ക് പട്ടയം നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) അവകാശ തർക്കം നിലനിൽക്കുന്ന കേസുകൾ ഒഴികെയുള്ളവയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പു വർഷംതന്നെ പട്ടയം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ